പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2660 **28-10-2026-ൽ മറുപടിയ്ക്ക്**

അനധികൃതമായി ഉപയോഗിക്കപ്പെട്ട വനഭൂമി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. പ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെയും നിയമങ്ങൾ പാലിക്കാതെയും ഇതുവരെ പതിച്ചുനൽകിയതും വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതുമായ വനഭൂമി സംബന്ധിച്ച സർക്കാരിന്റെ നയം എന്താണ്; വ്യക്തമാക്കാമോ;

മറുപടി: വനഭൂമി വനം വകുപ്പ് പതിച്ചു നൽകുന്നില്ല. വൻ (സംരക്ഷൺ ഏവം സംവർധൻ) അധിനിയം, 1980 & റൂൾസ് 2023 എന്നിവ പ്രകാരം ബന്ധപ്പെട്ട യൂസർ ഏജൻസി പരിവേഷ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുകയും, വൻ (സംരക്ഷൺ ഏവം സംവർധൻ) അധിനിയം, 1980 നിയമത്തിലെ സെക്ഷൻ 2 പ്രകാരം ബാധകമായ എല്ലാ രേഖകളും വ്യവസ്ഥകളും പരിശോധിക്കുകയും ആയത് കൃത്യവും തൃപ്തികരവുമാണെന്ന് ഉറപ്പുവരുത്തിയ ശേഷം, ടി നിയമ പ്രകാരം അനുവദിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് മാത്രമേ വനഭൂമി വനേതര ആവശ്യത്തിനായി നൽകുകയുള്ളൂ.

(ബി) ഇത്തരത്തിൽ അനധികൃതമായി ഉപയോഗിക്കപ്പെട്ട ആകെ വനഭൂമിയുടെ വിസ്തീർണം എത്രയാണ്; പ്രസ്തുത ഭൂമിയുടെ ഉപയോഗം ക്രമവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

മറുപടി: കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെയും നിയമങ്ങൾ പാലിക്കാതെയും വനഭൂമി പതിച്ചു നൽകുകയോ, വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ